# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2617 — 12.03.2018-ൽ മറുപടിക്ക്

## പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ് | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷണം, വെള്ളം എന്നിവയുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാര മുറപ്പാക്കുവാൻ കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദേശമുള്ളതിന്റെ അടിസ്ഥാനത്തിൽ NABL അക്രഡിറ്റേഷനുള്ള ലാബുകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിയ്ക്കുകയും തൃശ്ശൂർ ആസ്ഥാനമായുള്ള CARE KERALAM, കൊല്ലം ആസ്ഥാനമായുള്ള CEPCI ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ സ്വീകരിക്കുകയും കുറഞ്ഞ തുക നൽകിയ CEPCI ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് സാമ്പിൾ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) ഭക്ഷണം തയ്യാറാക്കുന്ന അടുക്കളയുടെ ശുചിത്വം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തൊട്ടാകെയുള്ള 163 ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ നൂൺമീൽ ഓഫീസർമാർ, സംസ്ഥാനതല മോണിറ്ററിംഗിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിൽ നിന്നുള്ള പ്രത്യേക സംഘം , തൃശ്ശൂർ മുതൽ കാസർഗോഡ് വരെ ജില്ലകളുടെ മേൽനോട്ട ചുമതലയുള്ള വടക്കൻമേഖലാ കോ-ഓർഡിനേറ്റർ തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളുടെ മേൽനോട്ട ചുമതലയുള്ള തെക്കൻ തെക്കൻമേഖലാ കോ ഓർഡിനേറ്റർ എന്നിവർ സ്കൂളുകൾ സന്ദർശിക്കുകയും അടുക്കളയുടെ ശുചിത്വം |

| | | | |
|---|---|---|---|
| | | | പാചകതൊഴിലാളികളുടെ ശുചിത്വമുൾപ്പെടെ പരിശോധന നടത്തുകയും ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം അവ പരിഹരിക്കുവാനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമ മായ നടത്തിപ്പിന് പ്രഥമാദ്ധ്യാപകനെ സഹായിക്കുന്നതിനായി 2 അദ്ധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ട്. അതിൽ ഒരദ്ധ്യാപകന് ഇത് സംബന്ധമായ കണക്കുകളും രണ്ടാമത്തെ അദ്ധ്യാപകന് ഗുണനിലവാരം , ശുചിത്വം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു |
| സി) | ഇത് വിലയിരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സമിതികളുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | നിലവിൽ ഇത് വിലയിരുത്തുന്നതിന് സ്കൂൾതല നൂൺഫീഡിംഗ് കമ്മിറ്റിയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ